# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

**ബഹു. ചെയർമാൻ**

ശമ്പള പരിഷ്കരണ കമ്മീഷൻ - 2014

കേരള സർക്കാർ

സ്വരാജ് ഭവൻ, നന്തൻകോട്,

കവടിയാർ (പി.ഒ), തിരുവനന്തപുരം - 695 003

സർ,

**വിഷയം :- ശമ്പളപരിഷ്കരണം - 2014 : ചർച്ചയിൽ ഉന്നയിക്കുന്ന (2015 മാർച്ച് 2) പ്രധാന കാര്യങ്ങൾ സംബന്ധിച്ച്**

കേരളത്തിലെ ഏറ്റവും പ്രമുഖമായ അധ്യാപകസംഘടനയാണ് കെ.എസ്.ടി.എ ആകെയുള്ള 1,76,000 ത്തോളം അധ്യാപകരിൽ പ്രീ-പ്രൈമറി മുതൽ ഡി.ഡി.ഇ മാർവരെയുള്ള വ്യത്യസ്ത തസ്തികകളിൽപ്പെട്ട ഒരുലക്ഷത്തോളം അധ്യാപകരെ പ്രതിനിധീകരിക്കുന്ന കെ.എസ്.ടി.എ മുൻക്കൂട്ടിതന്നെ കമ്മീഷനുമുമ്പാകെ നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. സമഗ്രവും ശാസ്ത്രീയവുമായ നിർദ്ദേശങ്ങൾക്കൊപ്പം താഴെപ്പറയുന്ന കാര്യങ്ങൾകൂടി ഉന്നയിക്കുന്നു.

വിശ്വസ്തതയോടെ,

തിരുവനന്തപുരം — **കെ. സി. ഹരികൃഷ്ണൻ**

02.03.2015 — ജനറൽ സെക്രട്ടറി

*ആമുഖം*

അന്യസംസ്ഥാനങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട കൂലിവ്യവസ്ഥയാണ് കേരളത്തിലുള്ളത്. ഈ വേതനഘടന കേരളത്തിന്റെ സാമൂഹ്യ പുരോഗതിയ്ക്ക് ഒരു പ്രധാനപ്പെട്ട ഘടകമാണ്. അതിവിദഗ്ദ തൊഴിൽ മേഖല എന്ന നിലയ്ക്ക് അധ്യാപകരുടെ വേതന ഘടന, പരിഷ്ക്കരിക്കുമ്പോൾ കൂടുതൽ സൂക്ഷ്മതയും കൃത്യതയും പുലർത്തേണ്ടതുണ്ട്. സമഗ്രവും ശാസ്ത്രീയവുമായി തയ്യാറാക്കിയ നിർദ്ദേശങ്ങളിൽ ഊന്നേണ്ട കാര്യങ്ങൾ ഒരിക്കൽക്കൂടി സമർപ്പിക്കുന്നു.

1. ശമ്പള പരിഷ്ക്കരണതീയതി 2014 ജൂലൈ 1 ആയിരിക്കണം (2009 ജൂലൈ 1 മുതൽക്കാണ് കഴിഞ്ഞ ശമ്പളപരിഷ്ക്കരണാനുകൂല്യങ്ങൾ അനുഭവവേദ്യമായത്).
2. അവശ്യാധിഷ്ഠിത മിനിമം വേതനത്തിന്റെ അടിസ്ഥാനത്തിലാണ് ശമ്പളം നിർണ്ണയിക്കേണ്ടത്.
3. പ്രമോഷൻ ആനുകൂല്യങ്ങൾ കുറഞ്ഞവിഭാഗം എന്ന നിലയിൽ 6, 12, 18, 23 വർഷങ്ങൾക്ക് 4 ഗ്രേഡ് ആനുകൂല്യം അനുവദിക്കണം.
4. പങ്കാളിത്ത പെൻഷൻ ഒഴിവാക്കുകയും സ്റ്റാറ്റ്യൂട്ടറി പെൻഷൻ നിലനിർത്തുകയും വേണം.
5. എൽ.ടി.സി (ലീവ് ട്രാവൽ കൺവെൻഷൻ) പരിമിതപ്പെടുത്താതെ എല്ലാവർഷവും അനുവദിക്കണം.
6. പൂർണ്ണപെൻഷൻ ലഭിക്കുന്നതിനുള്ള സർവ്വീസ് കാലദൈർഘ്യം നിലവിൽ 30 വർഷമാണ്. ഇത് 20 ആക്കി കുറയ്ക്കണം. ഇതിൽ കൂടുതലുള്ളവർക്ക് ആനുപാതിക വർദ്ധനവും നൽകണം.
7. അധ്യാപകരിൽ ഏറെയും അധികയോഗ്യതയുള്ളവരാണ്. അധിക യോഗ്യതയുള്ളവർക്ക് അഡ്വാൻസ് ഇൻക്രിമെന്റ് നൽകണം.
8. തൊഴിലിൽ കൃത്യത വരുത്തുന്നതിന് അധ്യാപകർ അക്കാദമിക്തലം മെച്ചപ്പെടണം. ഇതിനായി റഫറൻസ് ഗ്രന്ഥങ്ങൾ വാങ്ങുന്നതിന് 'റഫറൻസ് അലവൻസ്' അനുവദിക്കണം.
9. കുട്ടികളുടെ പഠനത്തിന് 'ചിൽഡ്രൻസ് എഡ്യുക്കേഷണൽ അലവൻസ്' അനുവദിക്കണം.
10. പ്രസവാവധി 240 ദിവസമായും പെറ്റേണിറ്റി ലീവ് 20 ദിവസമായും വർദ്ധിപ്പിക്കണം.
11. കുട്ടികളുടെ സംരക്ഷണാർത്ഥം ചൈൽഡ് കെയർ ലീവ് അനുവദിക്കണം.

12. സ്വകാര്യ സ്കൂൾ അധ്യാപകരുൾപ്പെടെ അഡ്വാൻസ് ലോൺ അനുവദിക്കണം.
13. പാർട് ടൈം അധ്യാപകരുടെ ഇൻക്രിമെന്റൽ സർവ്വീസ് വെയ്റ്റേജിന് പരിഗണിക്കണം.
14. ഡി.സി.ആർ. ജി – അവസാനമാസ ശമ്പളത്തിന്റെ (ശമ്പളം+ഡി.എ) പതിനാറര ഇരട്ടി തുക പരമാവധി 7,00,000 ആയി നിജപ്പെടുത്താതെ മുഴുവൻ തുകയും നൽകണം. മിനിമം കാലാവധി 5 വർഷം എന്നത് ഒഴിവാക്കണം.
15. പെൻഷൻ ഘടകത്തിൽ (ഫാക്ടർ) മാറ്റം വരുത്താതെ പെൻഷൻ പുനസ്ഥാപിക്കാനുള്ള കാലദൈർഘ്യം 8 വർഷമാക്കി കുറയ്ക്കണം.
16. മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് അലോട്ട്മെന്റ് സമ്പ്രദായം ഒഴിവാക്കണം. സ്വകാര്യ ആശുപത്രികളെ റീ-ഇംപേഴ്സ്മെന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തണം.
17. ആർജ്ജിതാവധി പണമായി നൽകുന്നതിന്റെ പരിധി ഒഴിവാക്കണം.
18. എച്ച്.ടി.എ നൽകുന്നത് ശാസ്ത്രീയമായി പുനർനിശ്ചയിക്കണം. അടിസ്ഥാന ശമ്പളത്തിന്റെ 5 ശതമാനം നൽകണം. വാംക്ലോത്ത് അലവൻസ് നൽകണം.
19. ഹയർസെക്കന്ററി മേഖലയിൽ 5 വർഷം പൂർത്തിയാക്കുന്ന മുഴുവൻ ജൂനിയർ അധ്യാപകരേയും സീനിയർ അധ്യാപകരാക്കി മാറ്റി ശമ്പളം അനുവദിക്കണം.
20. വീട്ടുവാടകബത്ത അടിസ്ഥാന ശമ്പളത്തിന്റെ നിശ്ചിത ശതമാനം എന്ന നിലയിൽ ആക്കണം.

വിവിധ കാറ്റഗറിയിലുള്ള അധ്യാപകരുടെ ശമ്പള സ്കെയിലും മറ്റു നിർദ്ദേശങ്ങളും വിശദമായി ഇതിനോടൊപ്പം നൽകുന്നു. കമ്മീഷൻ പരിശോധിച്ച് നൽകിയ നിർദ്ദേശങ്ങൾ പൂർണ്ണമായും പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

***ചർച്ചയിൽ പങ്കെടുക്കുന്നവർ***

കെ.എൻ.സുകുമാരൻ (പ്രസിഡന്റ്)
കെ.സി.ഹരികൃഷ്ണൻ (ജന.സെക്രട്ടറി)
ടി.എസ്.എൻ.ഇളയത് (ട്രഷറർ)
കെ.പി.സന്തോഷ്കുമാർ (സെക്രട്ടറി)
ടി.വി.മദനമോഹനൻ (സെക്രട്ടറി)

**കേരളാ സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ**
**കെ എസ് ടി എ**

# ശമ്പളപരിഷ്കരണം – 2014
# നിർദ്ദേശങ്ങൾ

**ബഹു. ചെയർമാൻ**

ശമ്പള പരിഷ്കരണ കമ്മീഷൻ - 2014

കേരള സർക്കാർ

സ്വരാജ് ഭവൻ, നന്തൻകോട്,

കവടിയാർ (പി.ഒ), തിരുവനന്തപുരം - 695 003

സർ,

**വിഷയം :- ശമ്പളപരിഷ്കരണം - 2014 - നിർദ്ദേശങ്ങൾ സംബന്ധിച്ച്**

കേരളത്തിലെ സർക്കാർ - എയ്ഡഡ് മേഖലയിലെ സ്കൂളുകളിലെയും, എസ്.സി.ഇ.ആർ.ടി, ഡയറ്റ് തുടങ്ങിയ സ്ഥാപനങ്ങളിലെയും എല്ലാ കാറ്റഗറികളിലുംപെട്ട ഒരു ലക്ഷത്തോളം അധ്യാപകരെ പ്രതിനിധീകരിക്കുന്ന പൊതുസംഘടനയാണ് കെ.എസ്.ടി.എ. ഈ മേഖലയിലെ അധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച സമഗ്രവും സാമൂഹികവീക്ഷണത്തോടും കൂടിയ നിവേദനമാണ് ഇതിനോടൊപ്പം ചേർത്തിട്ടുള്ളത്. ഇതു സംബന്ധിച്ച് വിശദമായ ചർച്ചയ്ക്ക് അവസരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

തിരുവനന്തപുരം

18.09.2014

**എ.കെ.ഉണ്ണികൃഷ്ണൻ**

ജനറൽ സെക്രട്ടറി

## ആമുഖം

## ശമ്പള പരിഷ്കരണത്തിന്റെ ആവശ്യകത

കേരളത്തിലെ സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള പരിഷ്കരണത്തിനായി 2013 നവംബർ 30 ലെ സർക്കാർ ഉത്തരവ് ((കെ) നമ്പർ 583/2013/ധനകാര്യ വകുപ്പ് ) പ്രകാരം നിയമിക്കപ്പെട്ട റിട്ട. ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ (ചെയർമാൻ), മുൻ ട്രഷറി ഡയറക്ടറും റിട്ട. ധനകാര്യ അഡീഷണൽ സെക്രട്ടറിയുമായ ശ്രീ. കെ.വി. തോമസ് (മെമ്പർ സെക്രട്ടറി) അഡ്വ. ടി.വി. ജോർജ്ജ് (മെമ്പർ) എന്നിവരുടെ മുമ്പാകെ താഴെപറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

അധ്യാപകരുടെയും ജീവനക്കാരുടെയും ശമ്പളം സമയബന്ധിതമായി പരിഷ്കരിക്കുന്ന കീഴ്വഴക്കം 1968 മുതൽ കേരളത്തിൽ നിലവിലുണ്ട്. അഞ്ചുവർഷത്തെ ഇടവേളകളിൽ കൃത്യമായി ഈ പ്രക്രിയ നടക്കാറുണ്ട്. ഒരു ശമ്പള പരിഷ്കരണത്തിന് 8 വർഷം ഇടവേള വന്നത് 2002 ലാണ്. 1997 ൽ ശമ്പളം പരിഷ്ക്കരിച്ചതിനുശേഷം 2002 ൽ നടത്തേണ്ട ശമ്പള പരിഷ്കരണം അട്ടിമറിച്ചു. 2004 ൽ ശമ്പള പരിഷ്കരണം നടത്തുകയും 2005 മുതൽ സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുകയും ചെയ്തതുമൂലം ജീവനക്കാരുടെയും അധ്യാപകരുടെയും മൂന്നുവർഷത്തെ സാമ്പത്തിക ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടു.

ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട കൂലിവ്യവസ്ഥയാണ് കേരളത്തിലുള്ളത്. മറ്റു പല ഘടകങ്ങളുടെയും കൂട്ടത്തിൽ ഈ മെച്ചപ്പെട്ട വേതനഘടന കേരളത്തിന്റെ സാമൂഹികപുരോഗതിയ്ക്ക് ഒരു കാരണമാണ്. ഇടത്തരക്കാരന്റെ ജീവിത നിലവാരത്തിന്റെ കാര്യത്തിലും ജീവിതച്ചെലവിന്റെ കാര്യത്തിലും ഇതര സംസ്ഥാനങ്ങളെക്കാൾ വളരെ മുന്നിൽ നിൽക്കുന്ന കേരളത്തിൽ സമയബന്ധിതമായി സേവന വ്യവസ്ഥയും കൂലിവ്യവസ്ഥയും പുതുക്കേണ്ടത് അത്യാവശ്യമാണ്. ജീവിതച്ചെലവിലുണ്ടാകുന്ന വർദ്ധനവുമായി താരതമ്യം ചെയ്യുമ്പോൾ വേതനത്തിന്റെ മൂല്യശോഷണത്തിന്റെ ചെറിയൊരു ശതമാനം മാത്രമേ ക്ഷാമബത്തയിലൂടെ നികത്തുവാൻ കഴിയുകയുള്ളൂ.

☞ 2011 ലെ ശമ്പള പരിഷ്കരണത്തിനുശേഷം അവശ്യ സാധനങ്ങളുടെ വിലനിലവാരത്തിൽ വലിയ വർദ്ധനവാണ് ഉണ്ടായത്.

☞ ഈ കാലയളവിൽ ഉണ്ടായ ഭീമമായ ചികിത്സാചെലവ് അധ്യാപകരുടെയും ജീവനക്കാരുടെയും വേതന പരിഷ്കരണം അനിവാര്യമാക്കുന്നു.

☞ വിദ്യാഭ്യാസ രംഗത്തെ സ്വാശ്രയ-സ്വകാര്യവൽക്കരണം വിദ്യാഭ്യാസ ചെലവ് ക്രമാതീതമായി വർദ്ധിക്കുന്നതിന് കാരണമായി.

☞ ടെലിഫോൺ, മൊബൈൽഫോൺ, കമ്പ്യൂട്ടർ തുടങ്ങിയവ വിദ്യാഭ്യാസത്തിന്റെയും നിത്യജീവിതത്തിന്റെയും ഭാഗമായി മാറി.

☞ പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പാചക വാതകം എന്നീ അവശ്യസാധനങ്ങളുടെ

വിലവർദ്ധനവ്, വൈദ്യുതി ചാർജ്ജിൽ ഉണ്ടായ വർദ്ധനവ് എന്നിവ നിശ്ചിത വരുമാന ക്കാരായ അധ്യാപകരുടെ കുടുംബച്ചെലവ് ഭീമമായി വർദ്ധിപ്പിച്ചു.

☞ രൂപയുടെ മൂല്യശോഷണം കാരണം ജീവിതച്ചെലവ് താങ്ങാൻ പറ്റുന്നതിലും അപ്പുറ ത്തായി.

## ശമ്പളപരിഷ്കരണത്തിന് സ്വീകരിക്കേണ്ട പൊതുമാനദണ്ഡം

**മിനിമം വേതനം**

15-ാം ഇന്ത്യൻ ലേബർ കമ്മീഷന്റെ മാനദണ്ഡങ്ങൾക്ക് അനുസൃതമായുള്ള മിനി മംകൂലി ഇതുവരെ ജീവനക്കാർക്ക് നൽകിയിട്ടില്ലെന്ന് വസ്തുതകൾ പരിശോധിച്ചാൽ ബോധ്യപ്പെടുന്നതാണ്. അതിനാൽ പത്താം ശമ്പള കമ്മീഷൻ കണക്കിലെടുക്കേണ്ട ഘട കങ്ങൾ ചുവടെ ചേർക്കുന്നു.

1. അവശ്യാധിഷ്ഠിത മിനിമം വേതനതത്വം അനുസരിച്ചായിരിക്കണം ശമ്പളം നിർണ്ണയി ക്കേണ്ടത്.
2. ഓരോ വിഭാഗം ജോലിയുടെയും അന്തർഗതമൂല്യങ്ങളും സ്വഭാവവും പ്രത്യേകതയും കൃത്യമായി പഠിക്കുകയും വിലയിരുത്തുകയും ചെയ്യണം. വിവിധ വിഭാഗങ്ങൾ തമ്മി ലുള്ള ലംബവും തിരശ്ചീനവുമായുള്ള ബന്ധങ്ങളും പരിശോധനയ്ക്ക് വിധേയമാക്ക ണം.
3. മിനിമം വേതനവും പരമാവധി വേതനവും തമ്മിലുള്ള അനുപാതം 1:8 ആയി നിശ്ച യിക്കണം.
4. ഏറ്റവും താഴെത്തട്ടിലുള്ള ശമ്പളം നിർണ്ണയിക്കാൻ 15-ാം ഇന്ത്യൻ ലേബർ കമ്മീഷൻ നിർദ്ദേശങ്ങൾ മാനദണ്ഡമാക്കണം.

മുകളിൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾക്കുള്ള ന്യായീകരണം

1. കേന്ദ്രത്തിൽ സർക്കാർ നിശ്ചയിച്ച ഫെയർവേജ് കമ്മിറ്റി മിനിമം വേതനം കൊടു ക്കാത്ത വ്യവസായങ്ങൾക്ക് നിലനിൽക്കാൻ അവകാശമില്ലെന്ന് അഭിപ്രായപ്പെട്ടിരിക്കു ന്നു.
2. ഏറ്റവും താഴെതട്ടിലുള്ള ജീവനക്കാരന്റെ ശമ്പളം അവശ്യാധിഷ്ഠിതമിനിമം വേതന ത്തിന് തുല്യമായിരിക്കണമെന്ന് 15-ാം ലേബർ കമ്മീഷൻ വ്യവസ്ഥ ചെയ്യുന്നു.
3. കടുത്ത സാമ്പത്തിക നിയന്ത്രണങ്ങൾമൂലം Dr. Akroyd - ന്റെ ഫോർമുലപ്രകാരമുള്ള 15-ാം ഐ.എൽ.സി നിർദ്ദേശങ്ങൾ പാലിക്കാൻ മുൻ ശമ്പളകമ്മീഷനുകൾ തയ്യാറാ യിട്ടില്ല.
4. 9-ാം ശമ്പള കമ്മീഷൻ ഏറെക്കുറെ ഈ മാനദണ്ഡങ്ങൾ പാലിക്കാൻ ശ്രമം നടത്തി യിട്ടുണ്ട്. എന്നാൽ ചില വിഭാഗം ജീവനക്കാരുടെ ശമ്പളനിർണ്ണയത്തിൽ നിലനിന്നു പോന്നിരുന്ന സന്തുലിതാവസ്ഥയ്ക്ക് കോട്ടം തട്ടിയിട്ടുണ്ട്.

5. നിലവിലുള്ള വിലനിലവാരമനുസരിച്ച് 4 യൂണിറ്റുള്ള ഒരു കുടുംബത്തിന്റെ ഉപജീവനത്തിന് ഒരുമാസം 22850/- ചെലവ് വരും. 15-ാം ഐ.എൽ.സി വ്യവസ്ഥപ്രകാരം ഒരു അവിദഗ്ദ്ധ തൊഴിലാളിയുടെ മിനിമം വേതനം ഇതായിരിക്കണം.

6. Dr. Akroyd - ന്റെ നിർദ്ദേശങ്ങളിലുള്ള 3 യൂണിറ്റ് കുടുംബത്തിനുള്ള ചെലവുകൾ ഇന്നത്തെ സാഹചര്യത്തിൽ തുലോം പരിമിതമാണ്.

ഭാര്യ, ഭർത്താവ്, 2 കുട്ടികൾ എന്നിവർ മാത്രമല്ല, മാതാപിതാക്കളും കൂടെ ഉൾപ്പെടുന്നതാണ് ഒരു കുടുംബം. ഇന്ത്യൻ സമൂഹത്തിൽ നിത്യവരുമാനക്കാരായ മക്കളെ ആശ്രയിച്ചാണ് മാതാപിതാക്കൾ ജീവിക്കുന്നത്. അതിനാൽ കുടുംബം എന്ന ഘടകത്തിൽ ഈ രണ്ടു യൂണിറ്റും കൂടി ചേർത്താൽ താഴ്ന്ന ജീവനക്കാരന്റെ മിനിമം വേതനം 37,250 രൂപയായി നിശ്ചയിക്കേണ്ടിവരും.

പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ട 2012-13 ലെ സാമ്പത്തിക സർവ്വേ പ്രകാരം 2004-05 മുതൽ 2011-12 വരെ Per capitaNet National product വിലയിൽ 57.55% വർദ്ധനയുണ്ട്. 2012-13, 2013-14 ലെ കണക്കുകൾ ഔദ്യോഗിക സൈറ്റുകളിൽ ലഭ്യമല്ല. കഴിഞ്ഞ 10 വർഷങ്ങളിലെ വർദ്ധനവിന്റെ തോത് മുകളിൽ സൂചിപ്പിച്ച പ്രകാരം തുടരുകയാണ്. ഈ വർദ്ധനവിന് അനുസൃതമായി വിലയിരുത്തിയാൽ മിനിമം വേതനം 24755 രൂപയായി നിശ്ചയിക്കേണ്ടിവരും.

| | | |
|---|---|---|
| Per capitaNet National product at constant Price for 2004 - 05 | = | 24133 |
| Per capitaNet National product at constant Price for 2011 - 12 | = | 38037 |
| 8 വർഷത്തെ വർദ്ധനവ് | = | 13894 |
| വർദ്ധനവിന്റെ ശതമാനം | = | 57.55% |
| 2014 ജൂലൈ 1 ലെ മൊത്തം ശമ്പളം | = | 15725 |
| 15725 ന്റെ 57.55 % | = | 9050 |
| ***ആകെ*** | ***=*** | ***24775*** |

**മിനിമം ശമ്പളം - പരമാവധി ശമ്പളം**

വിവിധ രാഷ്ട്രങ്ങളിലെ ശമ്പള ഘടനയിലെ മിനിമം-മാക്സിമം വേതനത്തിന്റെ അനുപാതം ചുവടെ ചേർക്കുന്നു.

| | | | | | | | |
|---|---|---|---|---|---|---|---|
| 1. | മലേഷ്യ | - | 1:3 | 5. | ആസ്ട്രേലിയ | - | 1.7:7 |
| 2. | സ്വീഡൻ | - | 1:4 | 6. | ചൈന | - | 1:8 |
| 3. | ഫ്രാൻസ് | - | 1.6:6 | 7. | തായ്‌ലാന്റ് | - | 1:9 |
| 4. | ഇന്തോനേഷ്യ | - | 1.6.:9 | | | | |

ഒമ്പതാം ശമ്പള കമ്മീഷൻ 7.04 ഇരട്ടിയാണ് ഉയർന്ന ശമ്പള സ്കെയിലായി നിശ്ചയിച്ചത് മാതൃകാപരമായ ഈ രീതി തുടരണം.

ഉയർന്ന - താഴ്ന്ന ഘടകങ്ങളിലുള്ള ജീവനക്കാർ തമ്മിൽ, വിലക്കയറ്റം, ജീവിതച്ചെലവ് എന്നിവയിൽ വ്യത്യാസമില്ലെന്നിരിക്കെ, പ്രസ്തുത അന്തരം 8 ഇരട്ടിയേക്കാൾ അധികമാകരുത്.

**2014 ജൂലൈ 1 ൽ മിനിമം വേതനം നിർണ്ണയിക്കാൻ കണക്കിലെടുത്ത വിലനിലവാരം**

| *Sl.No* | *Items* | *Price / Kg* | *Reguired for one/day (gms)* | *Reguired for family of 4 Members (kgs)* | *Amount for a month* |
|---|---|---|---|---|---|
| 1 | Rice | 42.00 | 480 | 57.600 | 2419.00 |
| 2. | Dal, Lobia..Etc | 95.00 | 80 | 9.600 | 912.00 |
| 3. | Raw vegitables | 40.00 | 100 | 12.000 | 480.00 |
| 4. | Green Vegitables | 44.00 | 125 | 15.000 | 660.00 |
| 5. | Other Vegitables | 49.00 | 75.00 | 9.000 | 441.00 |
| 6. | Fruits | 108.00 | 110 | 14.400 | 1555.00 |
| 7. | Milk | 38.00 | 200 | 24.000 | 912.00 |
| 8. | Sugar | 46.00 | 56 | 6.700 | 308.00 |
| 9. | Edible Oil | 180.00 | 40 | 4.800 | 864.00 |
| 10. | Fish | 335.00 | - | 3.000 | 1005.00 |
| 11. | Meat | 468.00 | - | 6.500 | 3042.00 |
| 12. | Egg | 5.00 | - | 1.200 | 600.00 |
| 13. | Detergents | 399.00 | - | - | 399.00 |
| 14. | Cloths | 198.00 | - | 7.000 | 1386.00 |
| **Total** | | | | | **14983.00** |
| 15. | Housing @ 7.5% | | | | 1124.00 |
| 16. | Electicity, Fuel, Water, etc. @ 20% | | | | 2997.00 |
| 17. | Journeys, Education, Marriage, etc. Of the children, medical treatment, recreation, festivals, newspaper, washing, etc. @ 25% | | | | 3746.00 |
| **Grand Total – minimum pay for unskilled employee** | | | | | **22850.00** |

## അധ്യാപനം - അതിവിദഗ്ധ തൊഴിൽ

☞ കോത്താരിക്കമ്മീഷൻ, നാഷണൽ കമ്മീഷൻ ഓഫ് ടീച്ചേഴ്സ് എന്നിവ അധ്യാപനം അതിവിദഗ്ധ തൊഴിലായി വിലയിരുത്തിയിട്ടുണ്ട്.

☞ തൊഴിലിന്റെ മൂല്യപരിശോധന അടിസ്ഥാനമാക്കണം.

☞ വിദ്യാഭ്യാസ യോഗ്യത, പ്രത്യേക സാങ്കേതിക വൈദഗ്ധ്യം.

പ്രതിഭാധനന്മാരെ അധ്യാപകവൃത്തിയിലേക്ക് ആകർഷിക്കുകയും നിലനിർത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ഇക്കാരണത്താൽ മെച്ചപ്പെട്ട സേവനവ്യവസ്ഥയും വേതന ഘടനയും അധ്യാപകർക്ക് ഉറപ്പ് നൽകേണ്ടതാണ്. പലവികസിത രാഷ്ട്രങ്ങളും ഇത്തരം പരിഗണനയാണ് അധ്യാപകന് നൽകിക്കൊണ്ടിരിക്കുന്നത്. മെച്ചപ്പെട്ട അക്കാദമിക നില വാരം പുലർത്തുന്നവരാണ് അധ്യാപക വൃത്തിയിലേക്ക് ആകർഷിക്കപ്പെടേണ്ടത്. എല്ലാ സാമൂഹിക പുരോഗതിയുടേയും അടിത്തറയും മൂലധനവുമാണ് വിദ്യാഭ്യാസം. അധ്യാപ കരെക്കാൾ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയും തൊഴിൽ വൈദഗ്ധ്യവും ആവശ്യമുള്ള വർക്കുപോലും ഉയർന്ന ശമ്പളവും പ്രമോഷൻ സാധ്യതകളും ഉറപ്പു വരുത്തിയതാ യിക്കാണാം.

## അധ്യാപകർ പ്രമോഷൻ സാധ്യത വളരെ കുറഞ്ഞ വിഭാഗം

☞ പ്രൈമറി അധ്യാപകരുടെ ഒരേ ഒരു പ്രമോഷൻ തസ്തിക - ഹെഡ്മാസ്റ്റർ മാത്രം (8%ന് മാത്രം).

☞ പ്രൈമറിയിൽ ഭാഷാധ്യാപകർക്ക്, സ്പെഷ്യലിസ്റ്റ് അധ്യാപകർക്കും പ്രമോഷനില്ല.

☞ ഹൈസ്കൂൾ അസിസ്റ്റന്റ് പ്രമോഷൻ - ഹെഡ്മാസ്റ്റർ (4% ന് മാത്രം). അതിൽ നിന്നും 4% ഡി.ഇ.ഒ/ഡി.ഡി.ഇ ആയി പ്രമോഷൻ.

☞ ഹയർസെക്കന്ററി - പ്രിൻസിപ്പലായി 3% മാത്രം പ്രമോഷൻ.

☞ ബഹുഭൂരിപക്ഷവും നിയമനം ലഭിച്ച തസ്തികയിൽതന്നെ വിരമിക്കുന്നു. സമയബ ന്ധിത ഗ്രേഡ്മാത്രമാണ് ഏക പ്രമോഷൻ.

☞ എന്നാൽ ഇതരമേഖലയിൽ ജോലിചെയ്യുന്നവർക്ക് വിരമിക്കുന്നതിനുമുമ്പ് മൂന്നോ നാലോ പ്രമോഷൻ ലഭിക്കുന്നു.

അതിനാൽ ശമ്പള സ്കെയിൽ, ഗ്രേഡ് സംബന്ധിച്ച കാര്യങ്ങളിൽ അധ്യാപകരെ പ്രത്യേകം പരിഗണിക്കണം. സമയബന്ധിതഗ്രേഡ് എന്ന ഏകപ്രമോഷൻമാത്രം ലഭിച്ചു കൊണ്ടിരിക്കുന്ന വിഭാഗം എന്ന നിലയിൽ, പൊതുവിഭാഗത്തോടൊപ്പം കാണാതെ എല്ലാ വിഭാഗം അധ്യാപകർക്കും 6, 12, 18, 23 വർഷങ്ങളിൽ ഓരോ ഗ്രേഡ് വീതം നൽകേണ്ടതാ ണ്. ശമ്പള സകെയിലുകളുടെ അടിസ്ഥാനത്തിൽ അധ്യാപകർക്ക് ഗ്രേഡുകൾ നിഷേധി ക്കരുത്.

**ശമ്പള ഘടന നിർദ്ദേശങ്ങൾ**

2014 ജൂലൈ 1 ലെ അടിസ്ഥാന ശമ്പളത്തോടൊപ്പം 80% ക്ഷാമബത്തകൂട്ടണം 20% ഫിറ്റ്മെന്റ് ആനുകൂല്യവും മിനിമം 5000 രൂപ എന്ന വ്യവസ്ഥയ്ക്ക് വിധേയമായി നൽകണം. പൂർത്തീകരിച്ച ഓരോ വർഷത്തിനും ഉപാധികളില്ലാതെ 1% വെയിറ്റേജ് അനുവദിക്കണം ഇതെല്ലാം ചേർന്നതിന്റെ അടുത്ത സ്റ്റേജിൽ ശമ്പളം നിർണ്ണയിക്കണം.

1. പാർട് ടൈം അധ്യാപകർക്ക് ശമ്പളം, ഗ്രേഡ് പ്രമോഷൻ, ലീവ് തുടങ്ങിയ ആനുകൂല്യങ്ങളിൽ ഇന്ന് നിലനിൽക്കുന്ന വിവേചനം ഇല്ലാതാവണം.

2. വിവിധ കാറ്റഗറികളിൽ എയ്ഡഡ് – സർക്കാർ – പ്രൊവിഷണൽ അധ്യാപക സർവ്വീസുകൾ, ഇൻക്രിമെന്റ്, ഗ്രേഡ് പ്രമോഷൻ തുടങ്ങിയ ആനുകൂല്യങ്ങൾക്ക് പരിഗണിക്കണം.

3. ശമ്പള പരിഷ്ക്കരണത്തിന്റെ ഭാഗമായി സീനിയർ അധ്യാപകർ, ജൂനിയർ അധ്യാപകരെക്കാൾ കുറഞ്ഞ ശമ്പളം വാങ്ങുന്ന സ്ഥിതി ഒഴിവാക്കണം.

4. വൊക്കേഷണൽ – ഹയർസെക്കന്ററിയിലെ നോൺ-വൊക്കേഷണൽ അധ്യാപകനും ഹയർസെക്കന്ററി അധ്യാപകനും ഒരേ യോഗ്യതയുള്ളവരും ഒരേ ശമ്പളം വാങ്ങുന്നവനുമാണ് ഇവരുടെ ഹയർസെക്കന്ററി – വൊക്കേഷണൽ ഹയർസെക്കന്ററി – എയ്ഡഡ് – ഗവൺമെന്റ് സർവ്വീസുകൾ ഗ്രേഡുകൾക്കും ഇൻക്രിമെന്റിനും വെയിറ്റേജിനും പ്രമോഷനുകൾക്കും പരിഗണിക്കണം.

***<u>മാസ്റ്റർ സ്കെയിൽ</u>***

***22850 – 650 – 24800 – 710 – 26930 – 780 – 30050 – 860 – 33490 – 950 – 37290 – 1050 – 41490 – 1150 – 46090 – 1250 – 52340 – 1400 – 59340 – 1550 – 67090 – 1750 – 77590 – 1950 – 89290 – 2150 – 106490 – 2400 – 120890 – 2700 – 137090 – 3000 – 152090 – 3400 – 165690 – 3500 – 172690 (Min-Max-7.557 times).***

☞ അധ്യാപകർക്ക് 6, 12, 18, 23 വർഷങ്ങളിൽ ഓരോ ഗ്രേഡ് അനുവദിക്കണം. ഇത് സ്കെയിലുകൾ പരിഗണിക്കാതെ എല്ലാവിഭാഗം അധ്യാപകർക്കും നൽകണം.

☞ പ്രൈമറി ഹെഡ്മാസ്റ്റർക്ക്, ഹെഡ്മാസ്റ്റർ ആയിക്കഴിഞ്ഞ് അഞ്ചുവർഷത്തിനോ ആകെ സർവ്വീസ് 25 വർഷമോ ആകുമ്പോൾ ഒരു ഗ്രേഡ് നൽകണം. തുടർന്ന് 10 വർഷമോ ആകെ സർവ്വീസ് മുപ്പത് വർഷമോ ആകുമ്പോൾ രണ്ടാമത്തെ ഗ്രേഡും ഹെഡ്മാസ്റ്റർ ആയി 15 വർഷം ആകുമ്പോൾ മൂന്നാമത്തെ ഗ്രേഡും നൽകണം.

☞ ഹൈസ്കൂൾ ഹെഡ്മാസ്റ്റർക്ക് മേൽവിവരിച്ച പ്രകാരം 4/25, 7/28, പന്ത്രണ്ട് വർഷങ്ങൾക്ക് ഗ്രേഡ് നൽകണം.

☞ ഹയർസെക്കന്ററി പ്രിൻസിപ്പലിന് 5/23, 10/26, പതിനഞ്ചു വർഷങ്ങളിൽ ഗ്രേഡ് നൽകണം.

☞ ഡി.ഇ.ഒ മാർക്കും 5/25, 10/26, പതിനഞ്ച് വർഷങ്ങൾക്ക് ഗ്രേഡ് നൽകേണ്ടതാണ്.

Scales proposed for various categories

| categories | Part Time Tr (Primary) | H.S.A (PT) | PD Tr | H.S.A./ Voc instr | Pry HM |
|---|---|---|---|---|---|
| Entry | 28490-47340 | 30050-53740 | 32630-55140 | 37290-63990 | 44940-79540 |
| Gr 1 | 30050-53740 | 32630-55140 | 37290-63990 | 40440-74090 | 47340-85390(5/25 yrs) |
| Gr 2 | 32630-55140 | 37290-63990 | 38340-70590 | 44940-79540 | 49840-89290 (10/30 yrs) |
| Gr 3 | 37290-63990 | 38340-70590 | 40440-74090 | 47340-85390 | 52340-93590 (15 yrs) |
| Gr 4 | 38340-70590 | 40440-74090 | 42640-75840 | 48590-87340 | |

| categories | HSST Jr/VHSST Jr | HSST/VHSST | HM/AEO |
|---|---|---|---|
| Entry | 44940-79540 | 49840-89290 | 49840-89290 |
| Gr 1 | 49840-89290 | 55140-95740 | 55140-95740 (4/25yrs) |
| Gr 2 | 52340-93590 | 57940-97890 | 57940-97890 (7/28yrs) |
| Gr 3 | 55140-95740 | 60890-100040 | 60890-100040 (12yrs) |
| Gr 4 | 57940-97890 | 63990-102190 | |

| categories | Princ/DEO | DIET Lecr | DIET Sr Lecr | DDE/DIET Princ |
|---|---|---|---|---|
| Entry | 65540-111290 | 49840-89290 | 63990-102190 | 75840-120890 |
| Gr 1 | 68840-113690(5/23) | 55140-95740 | 65540-111290 | 77590-126290 |
| Gr 2 | 72340-118490(10/26) | 57940-97890 | 68840-113690 | |
| Gr 3 | 75840-120890(15) | 60890-100040 | 72340-118490 | |
| Gr 4 | | 63990-102190 | 75840-120890 | |

വി.എച്ച്.എസ്.ഇ യിൽ കൺസോളിഡേറ്റഡ് പേയിൽ ജോലി ചെയ്യുന്നവർക്ക് സ്കെയിൽ ഓഫ് പേ അനുവദിക്കണം. ഇവർക്ക് ആഴ്ചയിൽ നാലുമണിക്കൂറാണ് പഠിപ്പിക്കേണ്ടത്. അധ്യാപകർക്കുള്ള എല്ലാ അനുബന്ധ ജോലികളും ഇവർക്കുണ്ട്.

## *നിർദ്ദേശിക്കുന്ന സ്കെയിൽ (പാർട് ടൈം - ജി.എഫ്.സി)*

| categories | GFC |
|---|---|
| Entry | 30050-53740 |
| Gr 1 | 32630-55140 |
| Gr 2 | 37290-63990 |
| Gr 3 | 38340-70590 |
| Gr 4 | **40440-74090** |

## മറ്റുനിർദ്ദേശങ്ങൾ

### (1)ക്ഷാമബത്ത

ഉപഭോക്തൃവില സൂചികയുടെ 12 മാസത്തെ ശരാശരിയുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ ക്ഷാമബത്ത കണക്കാക്കി വരുന്നത്. ഈ ശരാശരി പലപ്പോഴും ശരിയായ ജീവിതച്ചെലവിനേക്കാൾ കുറവാണ്. അതിനാൽ 100% ഡി.എ അടിസ്ഥാനശമ്പളത്തിൽ ലയിപ്പിച്ചാലും അത് ജീവിത യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെട്ട് പോകുന്നതല്ല. ഉപഭോക്തൃവില സൂചികയായി പരിഗണിക്കപ്പെടുന്ന സാമഗ്രികളുടെ പട്ടികയോട് സംഘടനയ്ക്ക് അഭിപ്രായവ്യത്യാസമുണ്ട്. എങ്കിലും ജനുവരി, ജൂലൈ മാസങ്ങളിലായി ക്ഷാമബത്ത നൽകുന്ന സമ്പ്രദായം തുടരേണ്ടതാണ്.

### (2) എൽ.ടി.സി (ലീവ് ട്രാവൽ കൺസഷൻ)

ജീവനക്കാർക്ക് ഒഴിവുദിവസങ്ങളിൽ ലീവ് ട്രാവൽ കൺസഷനുള്ള അവസരം നൽകണം. ഇത് സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കും. സർവ്വീസിൽ ഒരിക്കൽമാത്രം എന്നു പരിമിതപ്പെടുത്താൻ പാടില്ല.

### (3) എഫ്.സി.എൽ (ഫാമിലി കെയർ ലീവ്)

കുടുംബത്തിൽ സ്ത്രീകളുടെ ഉത്തരവാദിത്വം വലുതാണ്. കുടുംബത്തിലെ വിവിധ പ്രയാസങ്ങളുടെ ഘട്ടങ്ങളിൽ പ്രത്യേക ലീവ് അനുവദിക്കണം. സ്ത്രീകളുടെ ജൈവപരമായ പ്രശ്നങ്ങൾക്കും പ്രത്യേക അവധി അനുവദിക്കണം. ഭാര്യ ജീവിച്ചിരിക്കാത്ത പുരുഷന്മാർക്കും ഫാമിലി കെയർ ലീവ് അനുവദിക്കണം.

### (4) മെറ്റേണിറ്റി ലീവ് & പെറ്റേണിറ്റി ലീവ്

മെറ്റേണിറ്റി ലീവ് 240 ദിവസവും പെറ്റേണിറ്റി ലീവ് 20 ദിവസവും നൽകണം.

### (5) ഭവന പദ്ധതികൾ

എല്ലാ വിഭാഗം ജീവനക്കാർക്കും ക്വാർട്ടേഴ്സ് സൗകര്യങ്ങളുണ്ടാക്കുവാൻ ശ്രദ്ധിക്കണം. ക്വാർട്ടേഴ്സ് ലഭിക്കാത്ത ജീവനക്കാർക്ക് 5 ശതമാനത്തിൽ അധികരിക്കാത്ത പലിശയിന്മേൽ ഭവനനിർമ്മാണ വായ്പ സർക്കാർ അനുവദിക്കണം. വ്യവസ്ഥകൾ ഉദാരമാക്കണം. കാലവിളംബം ഒഴിവാക്കണം. വായ്പകളുടെ പരിധി ഉയർത്തണം

### (6) അഡ്വാൻസുകൾ

പ്രകൃതി ദുരന്ത നിവാരണ അഡ്വാൻസ്, കാർ, സ്കൂട്ടർ മുതലായവ വാങ്ങുവാനുള്ള അഡ്വാൻസ്, കമ്പ്യൂട്ടർ, പ്രിന്റർ മുതലായവയ്ക്ക് അഡ്വാൻസ്, വിദ്യാഭ്യാസ അഡ്വാൻസ് മുതലായവ അനുവദിക്കണം. പലിശ രഹിത മെഡിക്കൽ അഡ്വാൻസ് തുടരണം - വ്യവസ്ഥകൾ ലളിതമാക്കണം.

**അഡ്വാൻസ് ഇൻക്രിമെന്റ്**

☞ പി.എച്ച്.ഡി യോഗ്യതയുള്ള പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കന്ററി, ഡയറ്റ് അധ്യാപകർക്ക് രണ്ട് അഡ്വാൻസ് ഇൻക്രിമെന്റ് നൽകണം.

☞ പി.ജി യുള്ള പ്രൈമറി അധ്യാപകന് ഒരു അഡ്വാൻസ് ഇൻക്രിമെന്റ് നൽകണം.

☞ എം.എഡ് - എം.ഫിൽ തുടങ്ങിയ യോഗ്യതയുള്ള എച്ച്.എസ്.എ / പ്രൈമറിയ്ക്ക് ഒരു അഡ്വാൻസ് ഇൻക്രിമെന്റ് നൽകണം.

☞ പ്രധാന അധ്യാപകർ / പ്രിൻസിപ്പൽമാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും ട്രഷറികളിലേക്കും നിരന്തരം യാത്ര ചെയ്യേണ്ടിവരുന്നു. ഇത്തരം അധ്യാപകർക്ക് പി.ടി.എ അനുവദിക്കണം.

☞ കുട്ടികളുടെ വിദ്യാഭ്യാസം ചെലവേറിയ ഒന്നായിരിക്കുന്നതിനാൽ എല്ലാവരും ബാങ്ക് വായ്പയെയാണ് ആശ്രയിക്കുന്നത്. ഇത് ലഭിക്കുവാനുള്ള നടപടിക്രമങ്ങൾ സങ്കീർണ്ണമാണ്. അതിനാൽ കുട്ടികളുടെ വിദ്യാഭ്യാസത്തിന് 5 ശതമാനത്തിൽ അധികരിക്കാത്ത പലിശയിൽ വായ്പ സർക്കാർ അനുവദിക്കണം.

**കണ്ണട അലവൻസ്**

3 വർഷത്തിലൊരിക്കൽ കണ്ണട വാങ്ങുന്നതിന് അലവൻസ് നൽകണം. പരമാവധി 3000 രൂപവരെ.

**യാത്രാബത്ത**

| *TA -2014* | *State* | *Out of State* |
|---|---|---|
| Grade I Officer | 800 | 1200 |
| Grade II (a) | 600 | 800 |
| (b) | 600 | 700 |
| Grade III | 500 | 600 |
| Grade IV | 500 | 600 |

മൈലേജ് അലവൻസ് കി.മി. ന് 5 രൂപയായി വർദ്ധിപ്പിക്കണം.

**വീട്ടുവാടക ബത്ത**

| | | |
|---|---|---|
| ബി.2 ക്ലാസ് സിറ്റികൾ | - | അടിസ്ഥാന ശമ്പളത്തിന്റെ 12% |
| സി. ക്ലാസ് സിറ്റികൾ | - | അടിസ്ഥാന ശമ്പളത്തിന്റെ 10% |
| സി. ക്ലാസ് അല്ലാത്ത പട്ടണങ്ങൾ | - | അടിസ്ഥാന ശമ്പളത്തിന്റെ 8% |
| തരംതിരിക്കാത്ത പ്രദേശങ്ങൾ | - | അടിസ്ഥാന ശമ്പളത്തിന്റെ 5% |

കേരളത്തിൽ അതിദ്രുതം നഗരവൽക്കരണം നടന്നുകൊണ്ടിരിക്കുന്നു. അതിനാൽ ഗ്രാമ -നഗര പ്രദേശങ്ങൾ തമ്മിലുള്ള അന്തരം അതിലോലമാണ്. ജീവിതച്ചെലവുകളിലും വലിയ

വ്യത്യാസമില്ല. വീട്ടുവാടക എല്ലാ ജീവനക്കാർക്കും അടിസ്ഥാന ശമ്പളത്തിന്റെ നിശ്ചിത ശതമാനമാക്കണം.

**സി.സി.എ**

അടിസ്ഥാന ശമ്പളത്തിന്റെ 5% (മിനിമം 2500 രൂപ)

**ഇൻസിഡന്റൽ ചെലവുകൾ**

| | |
|---|---|
| Grade I Officer | 2.50 രൂപ |
| Grade II (a) | 1.50 രൂപ |
| (b) | 1.25 രൂപ |
| Grade III | 1.20 രൂപ |
| Grade IV | 1.20 രൂപ |

**പെൻഷൻ**

പങ്കാളിത്ത പെൻഷൻ പദ്ധതി ഒഴിവാക്കി നിർവചിക്കപ്പെട്ട പെൻഷൻ പദ്ധതിയിൽ 2013 ഏപ്രിൽ ഒന്നിനും അതിനുശേഷവും സർവ്വീസിൽ വന്നവരെയും ഉൾപ്പെടുത്തണം. മിനിമം പെൻഷനുള്ള കാലപരിധിക്ക് മാറ്റം വരുത്തണം. പലപ്പോഴും പ്രായമേറെയെത്തിയിട്ടാണ് പലരും സർക്കാർ സർവ്വീസിൽ വരുന്നത്. അതിനാൽ ഒരുവർഷമെങ്കിലും സർവ്വീസുള്ളവർക്ക് മിനിമം പെൻഷൻ നൽകണം. മിനിമം പെൻഷൻ 12000 രൂപ ആയിരിക്കണം. മുഴുവൻ പെൻഷന് പരിഗണിക്കുന്നത് ഇപ്പോൾ 30 വർഷം സർവ്വീസാണ്. ഇത് 20 ആയി കുറയ്ക്കണം. ഇതിൽ കൂടുതൽ സർവ്വീസുള്ളവർക്ക് ആനുപാതിക വർദ്ധനവ് നൽകണം. 80 – 100 വയസ്സുവരെയുള്ളവർക്കും ഫാമിലി പെൻഷൻ കാർക്കും 20% – 100% വരെ വർദ്ധന നൽകണം.

**ഡി.സി.ആർ.ജി**

ഇപ്പോൾ അവസാന മാസ ശമ്പളത്തിന്റെ (ശമ്പളം + ഡി.എ) പതിനാറര ഇരട്ടി തുക, പരമാവധി 7 ലക്ഷമാണ്. ഡി.സി.ആർ.ജി നൽകി വരുന്നത്. ഇത്തരത്തിൽ പരമാവധി തുകയെന്ന നിബന്ധന ഒഴിവാക്കി പതിനാറര ഇരട്ടിതുക ഡി.സി.ആർ.ജി ആയി എല്ലാവർക്കും നൽകണം. ഡി.സി.ആർ.ജി ക്കുള്ള മിനിമം കാലപരിധി 5 വർഷമാണ്. ഇത് ഒഴിവാക്കണം. സർവ്വീസിലുണ്ടായിരുന്ന എല്ലാവർക്കും നിർദ്ദിഷ്ട നിരക്കിൽ ഡി.സി.ആർ.ജി നൽകണം.

**പെൻഷൻ കമ്മ്യൂട്ടേഷൻ**

കമ്മ്യൂട്ടേഷൻ ഘടകത്തിൽ (ഫാക്ടർ) മാറ്റം വരുത്താതെ പെൻഷൻ പുനഃസ്ഥാപിക്കുവാനുള്ള കാലദൈർഘ്യം 8 വർഷമായി കുറയ്ക്കണം.

## ചോദ്യാവലി

**(1) ശമ്പളത്തിന്റെയും മറ്റ് ആനുകൂല്യങ്ങളുടെയും ഘടന**

1.1 താഴെപ്പറയുന്ന ഏത് ഘടകത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിലുള്ള ശമ്പളത്തിന്റെയും മറ്റ് ആനുകൂല്യങ്ങളുടെയും ഘടനയിൽ മാറ്റങ്ങൾ ആവശ്യമായിരിക്കുന്നത്?

(എ) കേന്ദ്ര സർക്കാർ, പൊതുമേഖല, സ്വകാര്യമേഖല എന്നിവയിലെ ശമ്പളം മറ്റ് ആനുകൂല്യങ്ങൾ എന്നിവയോടുള്ള തുല്യത

(ബി) വകുപ്പുകളിലെ വ്യത്യസ്ത സ്വഭാവത്തിലുള്ള ജോലിയ്ക്ക് അനുസൃതമായ വേതനം.

(സി) ശരാശരി ജീവിത നിലവാരം ഉറപ്പുവരുത്തുന്നതിന്

(ഡി) മേൽ പറഞ്ഞവയെല്ലാം

(ഇ) മറ്റെന്തെങ്കിലും കാരണം (വിശദീകരിക്കുക)

***നിർദ്ദേശം : മേൽപറഞ്ഞവയെല്ലാം. അവശ്യാധിഷ്ഠിത മിനിമം വേതനം, വിദ്യാഭ്യാസ - ചികിത്സാ ചിലവുകളുടെ വർദ്ധന, ജീവിത നിലവാരത്തിൽ വന്ന മാറ്റം, വിലക്കയറ്റം, രൂപയുടെ മൂല്യശോഷണം ഇവയും പരിഗണിക്കണം.***

1.2 കേന്ദ്ര സർക്കാർ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും 10 വർഷത്തിൽ ഒരിക്കൽ പരിഷ്കരിക്കുന്നുണ്ട്. എന്നാൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളം 5 വർഷത്തിലൊരിക്കലാണ് പരിഷ്കരിക്കുന്നത്. താങ്കളുടെ കാഴ്ചപ്പാടിൽ ഉചിതമായ സമീപനം ഏതാണ് ?

എ) നിലവിലുള്ള സമ്പ്രദായം തുടരുക

ബി) കേന്ദ്ര സർക്കാരിന്റെ നയം സ്വീകരിക്കുക.

സി) ഒരു പുതിയ രീതി അവലംബിക്കുക (വിശദമാക്കുക)

***നിർദ്ദേശം : നിലവിലുള്ള 5 വർഷത്തിലൊരിക്കൽ ശമ്പള പരിഷ്ക്കരണമെന്ന സമ്പ്രദായം തുടരണം.***

1.3 നിലവിൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളത്തിനും മറ്റ് ആനുകൂല്യങ്ങൾക്കുമായി സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിന്റെ 35.76 ശതമാനം ചെലവഴിക്കുന്നു. താങ്കളുടെ അഭിപ്രായത്തിൽ?

എ) ഇത് ഉയർന്ന നിരക്കാണ്.

ബി) താഴ്ന്ന നിരക്കാണ്

സി) ഉചിതമായ നിരക്കാണ്

ഡി) ഉചിതമായ നിരക്ക് അല്ലെങ്കിൽ യുക്തമായത് നിർദ്ദേശിക്കുക

***നിർദ്ദേശം : വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിലെ മുതൽമുടക്ക് രാജ്യത്തിന്റെ പുരോഗതിയ്ക്കാവശ്യമാണ്. രാജ്യത്തിന്റെ വികസനത്തിന്റെ ഭാഗമായാണ് സിവിൽ സർവ്വീസും വിദ്യാഭ്യാസ മേഖലയും ശക്തിപ്പെട്ടത്. ആ മേഖലയിൽ***

***ജോലി ചെയ്യുന്നവരുടെ വേതനച്ചെലവ് ഉയരുന്നത് ദോഷകരമായി കാണാൻ കഴിയില്ല.***

1.4 സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള ചെലവ് സംസ്ഥാനത്തിന്റെ വരുമാനത്തിന് ആനുപാതികമായി നിലനിർത്തണമെന്ന് താങ്കൾ കരുതുന്നുണ്ടോ; അങ്ങനെയെങ്കിൽ ഉയർന്ന നിരക്ക് എത്രയായിരിക്കണം?

എ) 35.76% ( 2014-15 അടങ്കൽ)

ബി) നിലവിലെ നിരക്കിനേക്കാൾ കുറവ്

സി) നിലവിലെ നിരക്കിനേക്കാൾ കൂടുതൽ

ഇ) ഒരു നിശ്ചിതനിരക്ക് ആവശ്യമുണ്ടെങ്കിൽ അത് എത്ര?

***നിർദ്ദേശം : സംസ്ഥാനത്തിന്റെ വികസനവുമായി ബന്ധപ്പെടുത്തിവേണം സേവന മേഖലകളിലെ ചെലവ് കാണാൻ - നിലവിലുള്ള നിരക്കിനേക്കാൾ കൂടുതൽ.***

1.5 സംസ്ഥാന സർക്കാരിൽ നിലവിലുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുയോജ്യരായ ആളുകളെ സർക്കാർ സർവീസിലേക്ക് ആകർഷിക്കുവാൻ പര്യാപ്തമാണോ?

എ) അതെ

ബി) അല്ല

(അല്ല എങ്കിൽ ഇതു പരിഹരിക്കാൻ എന്തു നിർദ്ദേശമാണ് താങ്കൾക്കുള്ളത്)

***നിർദ്ദേശം : അല്ല***

***പ്രതിഭാധനന്മാരെയാണ് അധ്യാപകരായി നിയമിക്കേണ്ടത്. ഈ രംഗത്ത് ശമ്പളം കുറവായതിനാൽ പ്രതിഭയുള്ളവർ ഈ രംഗത്തേക്ക് വരാൻ മടിക്കുന്നു.***

1.6 ഒൻപതാം ശമ്പളപരിഷ്കരണ കമ്മീഷൻ സംസ്ഥാന സർക്കാർജീവനക്കാർക്കായി 27 ശമ്പള സ്കെയിലുകൾ ശുപാർശ ചെയ്തിരുന്നു. ഇത് പര്യാപ്തമാണെന്ന് താങ്കൾ കരുതുന്നുണ്ടോ?

(എ) തൃപ്തികരമാണ്

(ബി) കൂടുതലാണ്

(സി) കുറവാണ്

***നിർദ്ദേശം : തൃപ്തികരമാണ്***

1.7 ആറാം കേന്ദ്രശമ്പള കമ്മീഷൻ പേ ബാന്റും ഗ്രേഡ് പേ യും നടപ്പിലാക്കി. അത് സംസ്ഥാന ജീവനക്കാർക്കും നടപ്പിലാക്കുന്നതിനോട് താങ്കൾ യോജിക്കുന്നുണ്ടോ?

എ) ഉണ്ട്

ബി) ഇല്ല

സി) ഇല്ലെങ്കിൽ എന്തുകൊണ്ട്? (വിശദമാക്കുക)

***നിർദ്ദേശം : ഇല്ല***

***കേന്ദ്രത്തിൽ സ്കെയിലുകളുടെ എണ്ണം കുറവാണ്. കേരളത്തിൽ പ്രമോഷൻ സാധ്യത കുറവുള്ള മേഖലകളിൽ ഗ്രേഡുകൾ അടക്കം നൽകുന്നതുകൊണ്ട് നില വിലുള്ള സ്കെയിൽ തുടരുന്നതാണ് അഭികാമ്യം.***

1.8 നിലവിലുള്ള മാസ്റ്റർ സ്കെയിൽ സമ്പ്രദായം ജീവനക്കാർക്ക് ഗുണകരമാണോ?

എ) അതെ

ബി) അല്ല

സി) അല്ലെങ്കിൽ എന്തുകൊണ്ട് (വിശദമാക്കുക)

***നിർദ്ദേശം : അതെ***

1.9 1-7-2014 ൽ രു സംസ്ഥാന ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ മാസവേതനം 14,705 രൂപയും (8500+73% ഡി.എ.) ഏറ്റവും കൂടിയ മാസവേതനം 1,03,527 രൂപയുമാണ്. അതേ സമയം കേന്ദ്ര ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ മാസവേതനം 14,000 രൂപയാണ്. (7000+100% ഡി.എ). ഒരു സർക്കാർ ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ മാസവേതനത്തിന്റെ അന്തരം സംബന്ധിച്ച് താങ്കളുടെ കാഴ്ചപ്പാട് എന്താണ്?

എ) നിലവിലെ തോത് തൃപ്തികരമാണ്

ബി) ഉയർന്ന ശമ്പള സ്കെയിലും താഴ്ന്ന ശമ്പള സ്കെയിലും തമ്മിലുള്ള അന്തരം കുറയ്ക്കേണ്ടതാണ്.

സി) മറ്റ് നിർദ്ദേശങ്ങൾ (വിശദമാക്കുക)

***നിർദ്ദേശം : ഉയർന്ന ശമ്പള സ്കെയിലും താഴ്ന്ന ശമ്പള സ്കെയിലും തമ്മിലുള്ള അന്തരം കുറയ്ക്കേണ്ടതാണ്.***

1.10 നിലവിൽ ഉയർന്ന തസ്തികയിലേയും താഴ്ന്ന തസ്തികയിലേയും ശമ്പളത്തിന്റെ അനുപാതം 1:7.04 ആണ്. താങ്കളുടെ അഭിപ്രായത്തിൽ?

എ) ശരിയായ അനുപാതം ആണ്.

ബി) അനുപാതം കുറയ്ക്കേണ്ടതാണ്.

സി) അനുപാതം കൂട്ടേണ്ടതാണ്

***നിർദ്ദേശം : അനുപാതം കുറയ്ക്കേണ്ടതാണ്.***

1.11 സർക്കാർ സർവ്വീസിലെ മിനിമം ശമ്പളം താഴെപ്പറയന്ന ഏത് ഘടകവുമായാണ് ബന്ധപ്പെട്ടിരിക്കേണ്ടത്?

എ) സംസ്ഥാനത്തിലെ ആളോഹരി വരുമാനം

ബി) വ്യവസായം, കൃഷി മുതലായ മറ്റു മേഖലകളിലെ കുറഞ്ഞ വേതനം

സി) ആവശ്യാധിഷ്ഠിത മിനിമം വേതനം

ഡി) ജീവിതചെലവ്

ഇ) മുകളിലെ എല്ലാ ഘടകങ്ങളും

എഫ്) മറ്റ് ഏതെങ്കിലും (വിശദമാക്കുക)

***നിർദ്ദേശം : അവശ്യാധിഷ്ഠിത മിനിമം വേതനം***

1.12 ജീവനക്കാരന്റെ ശമ്പള സ്കെയിൽ നിർണയവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ഘടകങ്ങളെ മുൻഗണന അനുസരിച്ച് ക്രമീകരിക്കുക?

എ) ആവശ്യമായ യോഗ്യത

ബി) ജോലിയുടെ സ്വഭാവവും ഉത്തരവാദിത്വവും

സി) പ്രാഗത്ഭ്യം

ഡി) നിയമനരീതി

ഇ) പ്രൊമോഷൻ സാധ്യത

എഫ്) പ്രത്യേക മേഖലയിലെ പരിചയം

ജി) കേന്ദ്ര, പൊതുമേഖല, സ്വയംഭരണ സ്ഥാപനങ്ങളിലെ സമാന തസ്തികകളുടെ വേതനം

എച്ച്) ജോലിയിലെ ആപൽസാധ്യത

***നിർദ്ദേശം :***

***എ) ജോലിയുടെ സ്വഭാവവും ഉത്തരവാദിത്വവും***

***ബി) ആവശ്യമായ യോഗ്യത***

***സി) പ്രാഗത്ഭ്യം***

***ഡി) പ്രൊമോഷൻ സാധ്യത***

***ഇ) കേന്ദ്ര, പൊതുമേഖല, സ്വയംഭരണ സ്ഥാപനങ്ങളിലെ സമാന തസ്തികകളുടെ വേതനം***

***എഫ്) പ്രത്യേക മേഖലയിലെ പരിചയം***

***ജി) ജോലിയിലെ ആപൽസാധ്യത***

***എച്ച്) നിയമനരീതി***

1.13 ഒരു ശമ്പള സ്കെയിലിൽ വിവിധ നിരക്കിലുള്ള ഇൻക്രിമെന്റ് ആണ് നിലവിലുള്ളത്.

ഒരു ശമ്പളസ്കെയിലിന്റെ ആദ്യാവസാനം ഒരേ നിരക്കിൽ തന്നെ ഇൻക്രിമെന്റ് അനുവദിക്കുന്ന രീതി ഉചിതമാണോ?

എ) അതെ

ബി) അല്ല

സി) അല്ലെങ്കിൽ എന്തുകൊണ്ട് (വിശദീകരിക്കുക)

***നിർദ്ദേശം : അല്ല***

***മൂന്നുമുതൽ 5 വർഷംവരെ കൂടുമ്പോൾ ഇൻക്രിമെന്റ് നിരക്കിൽ വർദ്ധനവ് വേണം.***

1.14 നിലവിൽ സർക്കാർ സർവ്വീസിൽ അനുവദിക്കുന്ന ഏറ്റവും കുറഞ്ഞ ഇൻക്രിമെന്റ് നിരക്ക് 230 രൂപയും ഏറ്റവും കൂടിയ ഇൻക്രിമെന്റ് നിരക്ക് 1,200 രൂപയും ആണ്. താങ്കളുടെ

അഭിപ്രായത്തിൽ ഇൻക്രിമെന്റ് നിരക്ക് എത്രയായിരിക്കണം?

എ) ഏറ്റവും കുറഞ്ഞ ഇൻക്രിമെന്റ് നിരക്ക് ..........

***നിർദ്ദേശം : ഏറ്റവും കുറഞ്ഞ ഇൻക്രിമെന്റ് നിരക്ക് 650***

ബി) ഏറ്റവും കൂടിയ ഇൻക്രിമെന്റ് നിരക്ക് ..........

***നിർദ്ദേശം : ഏറ്റവും കൂടിയ ഇൻക്രിമെന്റ് നിരക്ക് 3500***

സി) ഇവ എങ്ങനെയാണ് നിർണ്ണയിക്കേണ്ടത് ?

***നിർദ്ദേശം : അടിസ്ഥാന ശമ്പളത്തിന്റെ ശരാശരി 3% നിരക്കിൽ***

1.15 നിലവിലുള്ള ശമ്പള ഫിക്സേഷൻ രീതികൾ മാറ്റേണ്ടതുണ്ടോ?

എ) ഉണ്ട്

ബി) ഇല്ല

സി) ഉണ്ട് എങ്കിൽ മാറ്റങ്ങൾ നിർദ്ദേശിക്കുക

***നിർദ്ദേശം : ഇല്ല. ശമ്പള നിർണ്ണയരീതി നിവേദനത്തിൽ വിശദമാക്കിയിട്ടുണ്ട്.***

1.16 താങ്കളുടെ കാഴ്ചപ്പാടിൽ വീട്ടുവാടകബത്ത

എ) അടിസ്ഥാന ശമ്പളത്തിന്റെ നിശ്ചിത ശതമാനം ആയിരിക്കണം

ബി) കേന്ദ്രനിരക്കിനു തുല്യം ആയിരിക്കണം

സി) പ്രാദേശികമായി നിലവിലുള്ള വാടകനിരക്ക് ആയിരിക്കണം

ഡി) മറ്റേതെങ്കിലും നിരക്ക് (വിശദമാക്കുക)

***നിർദ്ദേശം : അടിസ്ഥാന ശമ്പളത്തിന്റെ നിശ്ചിത ശതമാനം ആയിരിക്കണം***

1.17 വിവിധ തസ്തികകൾക്ക് നിലവിൽ അനുവദിച്ചിട്ടുള്ളസ്പെഷ്യൽ പേ ഉചിതവും അഭികാമ്യവുമാണോ?

എ) അതെ

ബി) അല്ല

സി) അല്ലെങ്കിൽ ഉദാഹരണസഹിതം വ്യക്തമാക്കുക

***നിർദ്ദേശം : അല്ല***

1.18 നിലവിൽ നിലകൊണ്ടിരിക്കുന്ന കോമ്പൻസേറ്ററി അലവൻസുകൾ

എ) പര്യാപ്തമാണ്

ബി) പര്യാപ്തമല്ല

സി) പര്യാപ്തമല്ലെങ്കിൽ ഉദാഹരണസഹിതം വ്യക്തമാക്കുക

***നിർദ്ദേശം : പര്യാപ്തമല്ല***

*1. സി.സി.എ അടിസ്ഥാന ശമ്പളത്തിന്റെ 5% നൽകണം. കോർപ്പറേഷന്റെ 2 കി.മീ. ചുറ്റളവിലും മുൻസിപ്പാലിറ്റിയുടെ 5 കി.മീ. ചുറ്റളവിലും സി.സി.എ നൽകണം.*

*2. എച്ച്.ടി.എ അടിസ്ഥാന ശമ്പളത്തിന്റെ 5% നൽകണം.*

*3. ശാരീരിക വൈകല്യമുള്ളവർക്ക് അടിസ്ഥാന ശമ്പളത്തിന്റെ 5% നൽകണം.*

*4. ശാരീരിക വൈകല്യം ബാധിച്ച കുട്ടികളുടെ രക്ഷിതാക്കൾക്ക് അടിസ്ഥാന ശമ്പളത്തിന്റെ 5% വിദ്യാഭ്യാസ അലവൻസ് നൽകണം.*

*5. പെർമനന്റ് കൺവെയൻസ് അലവൻസായി അടിസ്ഥാന ശമ്പളത്തിന്റെ 5 % നൽകണം.*

1.19 താങ്കളുടെ അഭിപ്രായത്തിൽ നിലവിലുള്ള യാത്രാബത്ത/ദിനബത്ത/പി.റ്റി.എ/ പി.സി.എ. എന്നിവ?

എ) ആകർഷകമാണ്

ബി) പര്യാപ്തമാണ്

സി) പര്യാപ്തമല്ലെങ്കിൽ നിർദ്ദേശങ്ങൾ നൽകുക.

***നിർദ്ദേശം : പര്യാപ്തമല്ല....നിർദ്ദേശം മുകളിൽ നൽകിയിട്ടുണ്ട്***

1.20 നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന സ്പെഷ്യൽ അലവൻസ്, കോമ്പൻസേറ്ററി അലവൻസ്, റിസ്ക് അലവൻസ്, നോൺ പ്രാക്ടീസിംഗ് അലവൻസ്, യൂണിഫോം അലവൻസ്, അഡീഷണൽ സ്പെഷ്യൽ അലവൻസ് എന്നിവയിലേതെങ്കിലും യുക്തിരഹിതവും അപര്യാപ്തവുമാണോ? അഭിപ്രായം വിശദമാക്കുക.

***നിർദ്ദേശം : ആവശ്യവും അപര്യാപ്തവുമാണ്.***

## II. പ്രൊമോഷനും അനുബന്ധ വിഷയങ്ങളും

2.1 സർക്കാർ സർവ്വീസിൽ നിലവിലുള്ള പ്രൊമോഷൻ സാധ്യത പര്യാപ്തമാണ് എന്നു തോന്നുന്നുണ്ടോ?

എ) ഉണ്ട്

ബി) ഇല്ല

സി) ഇല്ലെങ്കിൽ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകുക

***നിർദ്ദേശം : ഇല്ല.***

***പ്രമോഷനുകൾ സമയബന്ധിതമായി നടത്തണം. തസ്തിക വെട്ടിക്കുറയ്ക്കൽ, ഇല്ലാതാക്കൽ എന്ന നയങ്ങൾ അവസാനിപ്പിക്കണം. പ്രമോഷൻ സാധ്യത പൊതുവെ കുറവായ അധ്യാപകർക്ക് പ്രമോഷൻ സാധ്യത വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ പഞ്ചായത്തുതല വിദ്യാഭ്യാസ ഓഫീസ്സർ, നൂൺ ഫീഡിംഗ് ഓഫീസ്സർ തസ്തികകൾ സൃഷ്ടിക്കണം.***

2.2 പ്രൊമോഷൻ സാധ്യത മെച്ചപ്പെടുത്തുന്നതിന് താഴെപറയുന്നവയിൽ ഏതിനാണ് താങ്കൾ മുൻഗണന നൽകുന്നത്?

എ) സമയബന്ധിത ഹയർഗ്രേഡ് പരിഷ്കരിക്കുക.

ബി) നോൺ കേഡർ ഗ്രേഡ് പ്രൊമോഷൻ നടപ്പിലാക്കുക

സി) റേഷ്യോ അടിസ്ഥാനപ്പെടുത്തിയുള്ളഗ്രേഡ് പ്രമോഷൻ മെച്ചപ്പെടുത്തക.

ഡി) സമാന തസ്തികകളിൽ വിവിധ വകുപ്പുകൾക്കായി കോമൺ സീനിയോറിറ്റി ലിസ്റ്റിനെ അടിസ്ഥാനപ്പെടുത്തിയുള്ള ഗ്രേഡ് നടപ്പിലാക്കുക

ഇ) മറ്റ് നിർദ്ദേശങ്ങൾ

***നിർദ്ദേശം : സമയബന്ധിത ഹയർഗ്രേഡ് പരിഷ്ക്കരിക്കുക***

2.3 പ്രൊഫഷണൽ വിഭാഗത്തിന് നൽകിവരുന്ന കരിയർ അഡ്വാൻസ്മെന്റ് സ്കീം മറ്റ് വിഭാഗങ്ങൾക്കുകൂടി നൽകാൻ സാധിക്കുമോ?

എ) സാധിക്കും

ബി) ഇല്ല

സി) ഇല്ലെങ്കിൽ എന്തുകൊണ്ട്

***നിർദ്ദേശം : സാധിക്കും***

2.4 പ്രൊമോഷൻ നൽകുന്നതിന് സീനിയോറിറ്റിയോടൊപ്പം കഴിവും കണക്കിലെടുക്കുന്നത് സർവ്വീസിന്റെ ഗുണമേന്മയും കാര്യക്ഷമതയും വർദ്ധിപ്പിക്കുമോ; എങ്കിൽ അവ തമ്മിലുള്ള അനുപാതം എങ്ങനെ ആയിരിക്കണം?

***നിർദ്ദേശം : നിലവിലുള്ള സ്ഥിതി തുടരണം.***

## III. പെൻഷൻ

3.1 സ്റ്റാറ്റ്യൂട്ടറി പെൻഷൻ അനുവദീയമായവർക്ക് കെ.എസ്.ആർ ഭാഗം - 3 പ്രകാരം നിലവിലുള്ള സ്റ്റാറ്റ്യൂട്ടറി പെൻഷൻ വ്യവസ്ഥകളിൽ എന്തെങ്കിലും മെച്ചപ്പെടുത്തലുകൾ നടത്തേണ്ടതുണ്ടോ?

എ) ഉണ്ട്

ബി) ഇല്ല

സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുക

***നിർദ്ദേശം : ഉണ്ട്. നിർദ്ദേശങ്ങൾ നിവേദനത്തിൽ ചേർത്തിട്ടുണ്ട്.***

3.2 ഇപ്പോൾ 30 വർഷം സർവ്വീസുള്ല വ്യക്തികൾക്കാണ് ഫുൾ പെൻഷൻ അനുവദിക്കുന്നത്. ഈ കാലയളവിൽ കുറവ് വരുത്തേണ്ടതുണ്ടോ; ഉണ്ടെങ്കിൽ എത്രമാത്രം?

എ) 25 വർഷം

ബി) 28 വർഷം

സി) കേന്ദ്ര സർവ്വീസിലേതുപ്പോലെ

***നിർദ്ദേശം : ഫുൾപെൻഷനുള്ള സർവ്വീസ് കാലാവധി 20 വർഷമായി കുറയ്ക്കണം.***

3.3 പെൻഷൻ തുകയിൽ പരിധി നിശ്ചയിക്കേണ്ടതുണ്ടോ?

എ) ഉണ്ട്

ബി) ഇല്ല

സി) ഉണ്ടെങ്കിൽ എന്ത് അടിസ്ഥാനത്തിലാണ് ?

***നിർദ്ദേശം : ഇല്ല***

3.4 പെൻഷൻ നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം എന്തായിരിക്കണം?

എ) ശരാശരി വേതനത്തിന്റെ പകുതി

ബി) അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ പകുതി

സി) പകുതിയിൽ കൂടുതൽ

ഡി) ഉത്തരം സി ആണെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുക

***നിർദ്ദേശം : അടിസ്ഥാന ശമ്പളത്തിന്റെ പകുതിയിൽ കൂടുതൽ. ഇരുപതുവർഷ ത്തിലധികം സർവ്വീസുള്ളവർക്ക് ആനുപാതിക വർദ്ധനവ് നൽകുമ്പോൾ പകുതി യിൽ കൂടുതൽ വരും.***

3.5 ഒരേ റാങ്കിംന് ഒരേ പെൻഷൻ സ്കീമിൽ എന്തെങ്കിലും അപാകതകൾ ഉണ്ടോ?

എ) ഉണ്ട്

ബി) ഇല്ല

സി) ഉണ്ടെങ്കിൽ എന്തൊക്കെയാണ് ?

***നിർദ്ദേശം : ഉണ്ട്.***

***1. റാങ്ക് ഒന്നാണെങ്കിലും ഗ്രേഡിലുള്ള വ്യത്യാസം***

***2. ബ്രോക്കൺ സർവ്വീസ് സംബന്ധിച്ച്***

3.6 നിലവിലുള്ള അനുതാപബത്ത (കംപാഷണേറ്റ് അലവൻസ്) സമ്പ്രദായംതുടരേണ്ട തുണ്ടോ?

എ) ഉണ്ട്

ബി) ഇല്ല

സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുക

***നിർദ്ദേശം : ഉണ്ട്.***

3.7 അനുതാപബത്ത ലഭിക്കുന്ന ജീവനക്കാരുടെ കുടുംബത്തിന് ഫാമിലി പെൻഷൻ നൽകേണ്ടത് ആവശ്യമാണോ?

എ) അതെ

ബി) അല്ല

***നിർദ്ദേശം : അതെ***

3.8 വിരമിക്കുന്ന അവസരത്തിൽ അവശേഷിക്കുന്ന ആർജ്ജിതാവധി പണമായി മാറ്റി നൽകുന്നത് സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങളോട് താങ്കൾ യോജിക്കുന്നുണ്ടോ?

എ) ഉണ്ട്

ബി ഇല്ല

സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുക

***നിർദ്ദേശം : ഇല്ല. അവധികളുടെ എണ്ണത്തിന്റെ പരിധി ഒഴിവാക്കണം.***

3.9 ഡെത്ത് കം റിട്ടയർമെന്റ് ഗ്രാറ്റുവിറ്റി നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ സംബന്ധിച്ച് താങ്കൾക്ക് എന്തെങ്കിലും അഭിപ്രായമുണ്ടോ?

എ) ഉണ്ട്

ബി) ഇല്ല

സി) ഉണ്ടെങ്കിൽ വിശദമാക്കുക

***നിർദ്ദേശം : ഉണ്ട്. നിവേദനത്തിൽ വിശദമാക്കിയിട്ടുണ്ട്.***

3.10 ഡെത്ത് കം റിട്ടയർമെന്റ് ഗ്രാറ്റുവിറ്റിയുടെ ഉയർന്ന പരിധി എത്രയായിരിക്കണം?

എ) കേന്ദ്രഗവൺമെന്റ് നിരക്കിന് തുല്യമായിരിക്കണം

ബി) അവസാനത്തെ അടിസ്ഥാന ശമ്പളം/2 X ആകെ സർവീസ് കാലയളവ്

(ഇതിന് പരിധി ആവശ്യമില്ല)

സി) ഉചിതമായ പരിധി നിശ്ചയിക്കാവുന്നതാണ് (പരിധി നിർദ്ദേശിക്കുക)

***നിർദ്ദേശം : അവസാനത്തെ അടിസ്ഥാന ശമ്പളം + ഡി.എ (ക്ഷാമബത്ത) /2 X ആകെ സർവീസ് കാലയളവ്***

***(ഇതിന് പരിധി ആവശ്യമില്ല)***

3.11 എക്സ്-ഗ്രേഷ്യ പെൻഷൻ സംബന്ധിച്ച ചട്ടങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ടോ?

എ) ഉണ്ട്

ബി) ഇല്ല

സി) ഉണ്ട് എങ്കിൽ നിർദ്ദേശം നൽകുക

***നിർദ്ദേശം : ഉണ്ട്.***

***സേവനകാലം പരിഗണിക്കാതെ പൂർണ്ണ പെൻഷൻ എല്ലാവർക്കും നൽകണം.***

3.12 പെൻഷൻ ചട്ടങ്ങൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും പോരായ്മകളോ അപാകതകളോ താങ്കളുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ. ഉണ്ടെങ്കിൽ ഉദാഹരണ സഹിതം വ്യക്തമാക്കുകയും അത് പരിഹരിക്കുന്നതിന് ആവശ്യമായ പ്രായോഗിക നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക?

***നിർദ്ദേശം : ആവശ്യമായ ഭേദഗതികളും നിർദ്ദേശങ്ങളും നിവേദനത്തിൽ 'പെൻഷൻ' എന്ന ഭാഗത്ത് നൽകിയിട്ടുണ്ട്.***

3.13 കെ.എസ്.ആർ ഭാഗം-3 പ്രകാരം നിലവിലുള്ള വോളണ്ടറി റിട്ടയർമെന്റ് സ്കീമിൽ എന്തെങ്കിലും മാറ്റം ആവശ്യമുണ്ടോ?

എ) ഉണ്ട്

ബി) ഇല്ല

സി) ഉണ്ടെങ്കിൽ നിർദ്ദേശങ്ങൾ നൽകുക

***നിർദ്ദേശം : ഇല്ല***

3.14 1964 ൽ ഏർപ്പെടുത്തിയതും കാലാകാലങ്ങളിൽ ഭേദഗതി വരുത്തിയിട്ടുള്ളതുമായ ഉദാരകുടുംബ പെൻഷൻ പദ്ധതി താങ്കളുടെ അഭിപ്രായത്തിൽ പര്യാപ്തമാണോ?

എ) പര്യാപ്തമാണ്

ബി) അപര്യാപ്തമാണ്

സി) പരിഷ്കരണം ആവശ്യമെങ്കിൽ നിർദേശം നൽകുക

***നിർദ്ദേശം : അപര്യാപ്തമാണ്***

3.15 പെൻഷൻ കമ്മ്യൂട്ട് ചെയ്യുന്നതിന് നിലവിലുള്ള ചട്ടങ്ങൾ, നിരക്ക് എന്നിവ സംബന്ധിച്ചും 12 വർഷത്തിനു ശേഷം കമ്മ്യൂട്ട് ചെയ്ത ഭാഗം പുനഃസ്ഥാപിക്കുന്നതു സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് സംബന്ധിച്ചും താങ്കളുടെ അഭിപ്രായം?

***നിർദ്ദേശം : 12 വർഷം എന്നുള്ളത് 8 വർഷമായി കുറയ്ക്കണം***

3.16 പെൻഷൻ കൈപ്പറ്റുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ടോ? എങ്കിൽ അത് പരിഹരിക്കുന്നതിന് താങ്കളുടെ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്?

***നിർദ്ദേശം : പെൻഷനുകൾ ബാങ്കുകളുടെ എ.ടി.എം വഴി നൽകുക***

3.17 പെൻഷൻ പ്രായം ഉയർത്തേണ്ടതുണ്ടെന്ന് താങ്കൾ കരുതുന്നുണ്ടോ?

എ) ഉണ്ട്

ബി) ഇല്ല

സി) ഉണ്ടെങ്കിൽ ന്യായീകരണം നൽകുക

***നിർദ്ദേശം : ഉണ്ട്. ഭൂരിപക്ഷം പേരും സർവ്വീസിൽ എത്തുന്നത് ഉയർന്ന പ്രായത്തിലാണ്. ആയതിനാൽ പെൻഷൻ പ്രായം ഉയർത്താവുന്നതാണ്.***

3.18 പെൻഷൻ പ്രായം ഉയർത്തുന്നത് യുവാക്കളുടെ തൊഴിലവസരത്തെ

ബാധിക്കുമെന്ന് താങ്കൾ കരുതുന്നുണ്ടോ?

എ) ഉണ്ട്

ബി) ഇല്ല

സി) ഇല്ലെങ്കിൽ യുവാക്കളുടെ തൊഴിലവസരങ്ങളെ എന്തുകൊണ്ട് ബാധിക്കുകയില്ല എന്നത് സംബന്ധിച്ച വിശദീകരണം നൽകുക.

***നിർദ്ദേശം : ഇല്ല. തസ്തിക വെട്ടിക്കുറവും നിയമനനിരോധനവും മറ്റും ഒഴിവാക്കിയും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചും പ്രശ്നം പരിഹരിക്കാം.***

## IV മുൻശമ്പള പരിഷ്കരണത്തിലെ അപാകതകൾ

4.1 ചില വിഭാഗം ജീവനക്കാർക്ക് പ്രത്യേക കാരണങ്ങൾ കൂടാതെ ഉയർന്ന ശമ്പളം നൽകാനായി കഴിഞ്ഞ ശമ്പളകമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളതായി അഭിപ്രായമുണ്ടോ?

എ) ഉണ്ട്

ബി) ഇല്ല

സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുക

***നിർദ്ദേശം : ഇല്ല.***

4.2 ഇത്തരത്തിൽ യുക്തിരഹിതമായി വരുത്തിയ ശമ്പളവർദ്ധന തുടരേണ്ടതുണ്ടോ?

എ) ഉണ്ട്

ബി) ഇല്ല

സി) ഇല്ലായെങ്കിൽ അസാധാരണ വർദ്ധനയ്ക്ക് ന്യായീകരണം വിശദമാക്കുക

***നിർദ്ദേശം : യുക്തിപരമായ രീതിയിൽ സ്കെയിലുകൾ പുനഃക്രമീകരിക്കണം.***

## V മെഡിക്കൽ ഇൻഷ്വറൻസ് സ്കീം

5.1 നിലവിലുള്ള മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് പദ്ധതി പര്യാപ്തമാണോ?

എ) അതെ

ബി) അല്ല

സി) അല്ല എങ്കിൽ മെച്ചമാകുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക

***നിർദ്ദേശം : അല്ല. സമയബന്ധിതമായി ലഭ്യമാവുന്ന തരത്തിൽ വ്യവസ്ഥകൾ ലഘൂകരിക്കണം. മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് പദ്ധതി തുടരണം. അലോട്ട്മെന്റ് സമ്പ്രദായം ഒഴിവാക്കണം.***

5.2 മെഡിക്കൽ റീ ഇംബേഴ്സ്മെന്റിനു പകരം ജീവനക്കാർക്കും പെൻഷൻകാർക്കും മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തേണ്ടതുണ്ടോ?

എ) ഉണ്ട്

ബി) ഇല്ല

സി) ഉണ്ടെങ്കിൽ നിർദ്ദേശം നൽകുക

ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് ആവശ്യമില്ലെന്ന് വ്യക്തമാക്കുക

***നിർദ്ദേശം : ഇല്ല.***

5.3 പെൻഷൻകാർക്ക് നൽകി വരുന്ന മെഡിക്കൽ അലവൻസ് പര്യാപ്തവും ഫലപ്രദവുമാണോ?

എ) ആണ്

ബി) അല്ല

സി) അല്ലായെങ്കിൽ മെച്ചപ്പെട്ട ബദൽ സംവിധാനം ഏതാണ്

***നിർദ്ദേശം : അല്ല. അവർക്കും മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ഏർപ്പെടുത്തണം.***

5.4 ജീവനക്കാരിൽ നിന്നും നിശ്ചിത വിഹിതം കൈപ്പറ്റിക്കൊണ്ട് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് അഭിലഷണീയമാണോ?

എ) ആണ്

ബി) അല്ല

സി) അല്ലായെങ്കിൽ മെച്ചപ്പെട്ട ബദൽ സംവിധാനം ഏതാണ്

***നിർദ്ദേശം : അല്ല. എല്ലാ ഗവൺമെന്റ് ഹോസ്പിറ്റലുകളിലും മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഒരുക്കുകയും ഇല്ലാത്ത സ്ഥലങ്ങളിലെ സ്വകാര്യ ആശുപത്രികളെ റീഇം പേഴ്സ്മെന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്യണം.***

5.5 പെൻഷൻകാരിൽ നിന്നും നിശ്ചിത തുക പ്രീമിയമായി സ്വീകരിച്ചു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനോട് താങ്കൾ യോജിക്കുന്നുണ്ടോ?

എ) ഉണ്ട്

ബി) ഇല്ല

സി) ഇല്ലായെങ്കിൽ താങ്കൾക്കുള്ള മറ്റ് നിർദ്ദേശം എന്താണ്?

***നിർദ്ദേശം : ഇല്ല. അവർക്കും മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ഏർപ്പെടുത്തണം.***

5.6 ജീവനക്കാർക്കും പെൻഷൻകാർക്കും കേന്ദ്ര ഗവൺമെന്റിന്റെ സി.ജി.എച്ച്.എസ് മാതൃകയിൽ ഒരു പദ്ധതി ഏർപ്പെടുത്തുന്നത് ഉചിതമാണോ?

എ) അതെ

ബി) അല്ല

***നിർദ്ദേശം : അല്ല.***

## VI സേവനാവകാശ നിയമം - 2012

6.1 39 വകുപ്പുകളിൽ നടപ്പിലാക്കിയ സേവനാവകാശ നിയമം താങ്കളുടെ അഭിപ്രായത്തിൽ

എ) സർക്കാർ സർവ്വീസിന്റെ കാര്യക്ഷമത വളരെയധികം മെച്ചപ്പെടുത്തി

ബി) ഒരുപരിധിവരെ മെച്ചപ്പെടുത്തി

സി) ഒരു മെച്ചവും ഉണ്ടാക്കിയില്ല

***നിർദ്ദേശം : ഒരു പരിധിവരെ മെച്ചപ്പെടുത്തി***

6.2 സേവനാവകാശനിയമം എല്ലാ വകുപ്പുകളിലും നടപ്പാക്കേണ്ടതുണ്ടോ?

എ) ഉണ്ട്

ബി) ഇല്ല

സി) ഇല്ലായെങ്കിൽ എന്തുകൊണ്ട്?

***നിർദ്ദേശം : ഉണ്ട്***

6.3 നിലവിൽ സർക്കാരിന്റെ റവന്യൂ ചെലവിന്റെ സിംഹഭാഗവും ചെലവഴിക്കുന്നത് വിദ്യാഭ്യാസ മേഖലയിൽ ആണ്. പ്രത്യേകിച്ചും ഗവൺമെന്റ്, എയ്ഡഡ് മേഖലയിലെ അധ്യാപകരുടെ ശമ്പള ഇനത്തിൽ. പക്ഷേ വിദ്യാഭ്യാസ നിലവാരം കുറഞ്ഞുവരുന്നതായി വ്യാപകമായ പരാതികൾ ഉണ്ട്. താങ്കളുടെ അഭിപ്രായത്തിൽ അതിന്റെ പ്രധാന കാരണം?

എ) അധ്യാപകരുടെ കാര്യക്ഷമത ഇല്ലായ്മ

ബി) എയ്ഡഡ് മേഖലയിൽ സ്വീകരിച്ചുവരുന്ന തൃപ്തികരമല്ലാത്ത നിയമനരീതി

സി) കാര്യക്ഷമമായ പരിശീലന പരിപാടികളുടെ അഭാവം

ഡി) നിലവാരമല്ലാത്തതും പഴഞ്ചനുമായ സിലബസ്

ഇ) മറ്റ് ഘടകങ്ങൾ

***നിർദ്ദേശം : പൊതുവിദ്യാഭ്യാസ മേഖലയിൽ ഗുണനിലവാരം കുറഞ്ഞുവരുന്നതായ പ്രചാരണം സമാന്തര വിദ്യാഭ്യാസ ലോബി ബോധപൂർവ്വം നടത്തുന്നതാണെന്ന് വസ്തുതകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. ഗവൺമെന്റ് എയ്ഡഡ് മേഖലയിലേക്ക് അൺ-എയ്ഡഡ് മേഖലയിൽ നിന്നും കുട്ടികൾ മാറിവരുന്ന പ്രവണത ശക്തിപ്പെട്ടുവരുന്നതായി കാണാൻ കഴിയും. വിദ്യാഭ്യാസമേഖലയ്ക്ക് ജി.ഡി.പി യുടെ 6% തുകനീക്കിവയ്ക്കണമെന്നത് വിദ്യാഭ്യാസ വിദഗ്ധരുടെ അഭിപ്രായമാണ്. എന്നാൽ നാളിതുവരെ ഇത്രയും തുക ചിലവഴിച്ചിട്ടില്ല. അതിനാൽ ഈ ചോദ്യം പ്രസക്തമല്ല.***

**ഒപ്പ്.**

വകുപ്പ് - വിദ്യാഭ്യാസം

E-mail: ksta.state@gmail.com

Ph: 0471-2324997, 2327630

**ഏ കെ ഉണ്ണികൃഷ്ണൻ, ജനറൽ സെക്രട്ടറി**

കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ

(കെ.എസ്.ടി.എ)

സംസ്ഥാന സെന്റർ, തൈക്കാട്, തിരുവനന്തപുരം